പഞ്ചായത്തുകൾ വിഭജിക്കാൻ നിർദ്ദേശം

246 [298] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ട് പഞ്ചായത്ത് ഓഫീസറുടെ അതിർത്തിയിൽപ്പെട്ട മാണിക്കൽ, വെമ്പായം എന്നീ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളെ വിഭജിച്ച് മൂന്നാമതൊരു പഞ്ചായത്തു കൂടി ഉണ്ടാക്കണമെന്നു പറഞ്ഞ് ഗവൺമെൻറിലേക്ക് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കിട്ടിയത് ;

(സി) ഈ മെമ്മോറാണ്ടത്തിൽ എന്താണാവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) ഈ മെമ്മോറാണ്ടത്തിൻമേൽ എന്തു നടപടിയെടുത്തു;

(ഇ) മാണിക്കൽ, വെമ്പായം തുടങ്ങിയ പഞ്ചായത്തുകളെ വിഭജിച്ച് മൂന്നാമതൊരു പുതിയ പഞ്ചായത്ത് ഉണ്ടാക്കരുതെന്നും കാണിച്ച് 15-11-1976-ൽ മാണിക്കൽ പഞ്ചായത്ത് പാസാക്കിയ 170-ാം നമ്പർ പ്രമേയം അധികൃതർക്ക് കിട്ടിയത് എന്നാണ് ഇതിൻമേൽ എന്തു നടപടികളെടുത്തു ;

(എഫ്) വെമ്പായം പഞ്ചായത്തിൽ കന്യാകുളങ്ങര വാർഡിലാണോ വെമ്പായം പഞ്ചായത്തിന്റെ ഓഫീസ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നത്;

(ജി) വെമ്പായം, മാണിക്കൽ പഞ്ചായത്തുകളുടെ പണ്ടുകം മോശമായതുകൊണ്ട് അവ കൈകാര്യം ചെയ്യുന്നതിൽ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ;

(എച്ച്) മാണിക്കൽ, വെമ്പായം പഞ്ചായത്തുകളുടെ ഭാവിവികസനത്തിനും നിലനില്പിനും ദോഷമുണ്ടാകുമെന്നുള്ളതുകൊണ്ട് ഇവയെ വിഭജിച്ച് മൂന്നാമതൊരു പഞ്ചായത്ത് രൂപീകരിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) 10-11-1976-ൽ.

(സി) മാണിക്കൽ പഞ്ചായത്തിൽനിന്നും ഇപ്പോഴത്തെ-വെമ്പായം വാർഡുകൾ പൂർണ്ണമായും ആനപ്പല്ലൂർ വാർഡിന്റെ വടക്കുഭാഗം കുറെ കഴിവാക്കിക്കൊണ്ടുള്ള ബാക്കി ഭാഗങ്ങളും വെമ്പായം പഞ്ചായത്തിൽ നിന്നും, തോപ്പ്-തേക്കടമഴുവടി എന്നീ വാർഡുകൾ പൂർണ്ണമായും കന്യാകുളങ്ങര വാർഡിന്റെ കന്യാകുളങ്ങര ജംഗ്ഷന്റെ തെക്കുഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള മൂന്ന് വാർഡുകളും ചേർത്ത് ആകെ ആറ് വാർഡുകളുള്ള ഒരു പുതിയ പഞ്ചായത്ത് വെമ്പായം കേന്ദ്രമാക്കി, വെമ്പായമെന്നോ കന്യാകുളങ്ങരയെന്നോ ഉള്ള പേരിൽ അനുവദിച്ചു കിട്ടണം എന്നതാണ് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) അത് ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) മാണിക്കൽ പഞ്ചായത്ത് പാസാക്കിയ പ്രമേയം 3-12-1976-ൽ ആണ് കിട്ടിയത്. പ്രസ്തുത പ്രമേയം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(എഫ്) വെമ്പായം പഞ്ചായത്തിന്റെ അംഗീകൃത ആസ്ഥാനം വേറ്റിനാട് ആണ്. ഇവിടെയാണ് പഞ്ചായത്താഫീസ് സ്ഥാപിച്ചിരിക്കുന്നത്. പഞ്ചായത്ത് ഓഫീസിന്റെ ആസ്ഥാനം കന്യാകുളങ്ങര വാർഡിനകത്തല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വെമ്പായം പഞ്ചായത്തിന്റെ ഫണ്ട് മോശമായതുകൊണ്ട് കൈകാര്യം ചെയ്യുന്നതിൽ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മാണിക്കൽ പഞ്ചായത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(എച്ച്) ഇപ്പോൾ പറയാൻ നിർവാഹമില്ല.

പഞ്ചായത്തുകമ്മിറ്റി അംഗങ്ങളെ മാറ്റി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കാൻ ശ്രമം

247 [300] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലുള്ള കുളനട പഞ്ചായത്തിൽ ജനഹിതത്തെ മാനിക്കാതെ ദുർഭരണം നടത്തിയതിന്റെ പേരിൽ മാറ്റപ്പെട്ട പഞ്ചായത്തുകമ്മിറ്റി അംഗങ്ങളേയും മറ്റും ഉൾപ്പെടുത്തി സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിന് ചില തല്പര കക്ഷികളും ശ്രമം നടത്തിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് പകരം ഇപ്പോഴത്തെ സ്പെഷ്യലാഫീസറുടെ ഭരണം തന്നെ തൽക്കാലം അവിടെ തുടർന്ന് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്പെഷ്യൽ ഓഫീസറെ മാറ്റുന്നതിന് ഇപ്പോൾ യാതൊരു ഉദ്ദേശവുമില്ലാത്തതിനാൽ സ്പെഷ്യൽ ഓഫീസറുടെ ഭരണം തന്നെ തൽക്കാലം അവിടെ തുടരുന്നതായിരിക്കും.

കച്ചവടക്കാരെ അവരുടെ സ്ഥലങ്ങളിൽ നിന്നും ഒഴിപ്പിക്കുന്നതായി പരാതി

248 [301] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലുള്ള മെഴുവേലി പഞ്ചായത്തിൽ കുത്തകപ്പാട്ടം പിടിച്ച് അനേകനാളുകളായി കെട്ടിടം വച്ച് തൊഴിൽ ചെയ്തു വരുന്ന സാധുക്കളായ ചെറു കച്ചവടക്കാരെ അവരുടെ സ്ഥലങ്ങളിൽ നിന്ന് ഒഴിപ്പിക്കുന്നതിന് മെഴുവേലി പഞ്ചായത്തധികൃതർ ശ്രമിച്ചുവരുന്നതിനെതിരായി ഈ കച്ചവടക്കാരുടെയും നാട്ടുകാരുടെയും നിവേദനങ്ങൾ ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ, എന്തു നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലാ പഞ്ചായത്താഫീസർ മുഖാന്തിരം അന്വേഷണം നടത്തി, കുത്തകപ്പാട്ടക്കാരുടെയും പഞ്ചായത്തിന്റേയും താല്പര്യം പരിരക്ഷിക്കുന്നതിന് സഹായകരമായ വിധത്തിൽ രണ്ടു കൂട്ടരും ചേർന്ന് സംഭാഷണം നടത്തി യോജിപ്പിലെത്താൻ ശ്രമിക്കണമെന്ന് പരാതിക്കാർ എല്ലാം സമ്മതിച്ചു.

LIBRARY ARCHIVES Kerala Legislative Assembly